**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 290** **04-10-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തവകയിൽ ഇതുവരെയായി എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തുവെന്നും വെളിപ്പെടുത്താമോ; | (എ) | കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട് വിവിധ മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കുമായി നാളിതുവരെ 10,98,77,132 കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി.ഈയിനത്തിൽ നാളിതു വരെ 5538.48 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ടു ജീവനോപാധി നഷ്ടപ്പെട്ട തീരദേശ, ഉൾനാടൻ മത്സ്യ ത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേ വാസികൾക്ക് സാമൂഹ്യ നീതി വകുപ്പ് നൽകുന്ന ലിസ്റ്റ് പ്രകാരവും സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | മുൻഗണനാ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് മാത്രമായി എല്ലാ മാസവും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ